# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 470 — 04/07/2012 – ൽ മറുപടിയ്ക്ക്

## നിർധനരായ തടവുകാരുടെ ആശ്രിതർക്കുള്ള ക്ഷേമ പദ്ധതി

ചോദ്യം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ജയിലുകളിൽ കഴിയുന്ന നിർദ്ധനരായ തടവുകാരുടെ മക്കളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട് ; നിർധനരായ തടവുകാരുടെ മക്കളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ സാമൂഹ്യ ക്ഷേമ വകുപ്പു വഴിയാണ് നടപ്പിലാക്കുന്നത്. നിർധനരായ തടവുകാരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി ധനസഹായം 2009-2010 വർഷം മുതൽ സാമൂഹ്യക്ഷേമ വകുപ്പ് നൽകി വരുന്നുണ്ട്. ഇതനുസരിച്ച് 10 വരെയുള്ള സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 6000 രൂപയും 10-ാം സ്റ്റാൻഡേർഡിനു മുകളിലുള്ള പഠനത്തിന് ഓരോ വിദ്യാർത്ഥിക്കും 12,000/- രൂപയും പ്രതിവർഷം ധനസഹായം നൽകി വരുന്നു. ജയിലുകളിൽ കഴിഞ്ഞു വരുന്ന മാതാവിനോടൊപ്പം, സംരക്ഷിക്കാൻ ആരും ഇല്ലെങ്കിൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ജയിലിൽ കഴിയുന്നതിന് ജയിൽ ചട്ടങ്ങൾ അനുവദിക്കുന്നുണ്ട്. അപ്രകാരം ജയിലിൽ കഴിയേണ്ടിവരുന്ന കുട്ടികൾക്ക് പോഷകാഹാരവും ചികിത്സാ സൗകര്യങ്ങളും രോഗപ്രതിരോധ കുത്തിവയ്പ്പുകളും ലഭ്യമാക്കുന്നുണ്ട്. അവരുടെ മാനസിക വികാസം ലക്ഷ്യമാക്കി ക്രഷ് സംവിധാനവും, ഉല്ലാസത്തിന് വിവിധ കളി ഉപകരണങ്ങളും ലഭ്യമാണ്. |

| | |
|---|---|
| (ബി) തടവുശിക്ഷ ഏഴുവർഷത്തിലധികമായി അനുഭവിക്കുന്നവരുടെ ആശ്രിതർക്ക് എന്തെലാം സഹായങ്ങളാണ് നല്കിവരുന്നത്; വ്യക്തമാക്കുമോ ; | (ബി) ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന ''തടവുകാരുടെ ആശ്രിതർക്കുള്ള ധനസഹായ പദ്ധതി'' സാമൂഹ്യ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം സർക്കാർ പരമാവധി 10,000/- രൂപ വരെ സബ്സിഡിയായി ഒരാൾക്ക് അനുവദിക്കും.ഇവർക്ക് ഏതെങ്കിലും തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനാണ് സഹായം നൽകുന്നത്. നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/കോ-ഓപ്പറേറ്റീവ് ബാങ്കുമായി ബന്ധപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സംരഭത്തിന്റെ പ്രോജക്ട് പ്രൊപ്പോസൽ ബാങ്കിന് നൽകി ആകെ തുകയുടെ 70% ബാങ്ക് വഹിയ്ക്കുമെന്ന് സമ്മതപത്രം നൽകിയാൽ സർക്കാർ വിഹിതം പ്രസ്തുത ബാങ്കിന് അനുവദിച്ച് നൽകും. ബാങ്ക് അനുവദിക്കുന്ന ബാക്കി തുക, തവണകളായി ബാങ്ക് തിരികെ ഈടാക്കുന്നതാണ്. |
| (സി) ജയിലുകളിൽ കഴിയുന്ന തടവുകാർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഊർജ്ജിതപ്പെടുത്തുവാനും ഉതകുന്ന വിധത്തിൽ എന്തെല്ലാം കാര്യങ്ങൾ ഇതിനോടകം ചെയ്യാൻ സാധിച്ചുവെന്ന് വിശദമാക്കുമോ ? | (സി) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ നിർധനരായ മക്കളുടെ വിദ്യാഭ്യാസത്തിനായി 2009-10 ൽ 19,44,000/- രൂപയും, 2010-11 ൽ 32,10,000/-രൂപയും ,2011-12 ൽ 29,88,000/- രൂപയും ചെലവഴിച്ചു. തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 2011-12 ൽ ഒരു കോടി രൂപ വീതം നീക്കി വച്ചിരുന്നു. വകകൊള്ളിച്ച മുഴുവൻ തുകയും തടവുകാരുടെ ക്ഷേമത്തിനായിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചെലവഴിക്കുകയുണ്ടായി. ഇതനുസരിച്ച് ജയിലുകളിൽ തടവുകാർക്ക് പുതിയ തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം, വിവിധ പദ്ധതികൾക്ക് 1,29,98,500/- രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| | സംസ്ഥാനത്തെ 3 സെൻട്രൽ ജയിലുകൾ, 2 തുറന്ന ജയിലുകൾ, 3 വനിതാ ജയിലുകൾ, 3 ജില്ലാ ജയിലുകൾ, 3 സ്പെഷ്യൽ സബ് ജയിൽ എന്നിവിടങ്ങളിൽ തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നതിനും വെൽഫയർ ഓഫീസർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ജയിലാസ്ഥാനകാര്യാലയത്തിൽ ചീഫ് വെൽഫയർ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കൂടാതെ ജയിൽ വകുപ്പിന്റെ 3 മേഖലകളിലും തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഓരോ റീജിയണൽ വെൽഫയർ ഓഫീസറുടെ തസ്തികയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ, തടവുകാരുടെ ക്ഷേമത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട്, ഒട്ടേറെ പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ജയിൽ ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ